# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 40

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,
2021 ഡിസംബർ മാസം 1–ാം തീയതി കൂടിയ എപ്പിസ്ക്കോപ്പൽ സിനഡ് ഭദ്രാസന എപ്പിസ്ക്കോപ്പാമാരുടെ ചുമതലയിൽ വരുത്തിയ പുനക്രമീകരണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. റൈറ്റ് റവ. ഡോ. യുയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായെ കൊട്ടാരക്കര–പുനലൂർ ഭദ്രാസനത്തിന്റെ ചുമതലയിൽ നിന്നു വിടർത്തി, ഇപ്പോൾ മെത്രാപ്പോലീത്താ അധിക ചുമതല നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ഡൽഹി ഭദ്രാസനത്തിന്റെ എപ്പിസ്ക്കോപ്പാ എന്ന ചുമതല കൂടെ ഭരമേല്പിക്കുന്നു. മുംബൈ ഭദ്രാസനത്തിന്റെ എപ്പിസ്ക്കോപ്പാ എന്ന ചുമതലയിൽ തിരുമേനി തുടരുന്നതായിരിക്കും.
2. റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായെ കൊട്ടാരക്കര–പുനലൂർ ഭദ്രാസനത്തിന്റെ എപ്പിസ്ക്കോപ്പാ എന്ന ചുമതല കൂടെ ഭരമേല്പിക്കുന്നു. തിരുവനന്തപുരം –കൊല്ലം ഭദ്രാസനത്തിന്റെ എപ്പിസ്ക്കോപ്പാ എന്ന ചുമതലയിൽ തിരുമേനി തുടരുന്നതായിരിക്കും.
3. മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം പ്രസിഡന്റ് എന്ന ചുമതലയിൽ നിന്നു റൈറ്റ് റവ. ഡോ. യുയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായെ വിടർത്തുന്നു. പകരം റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായെ നിയമിക്കുന്നു.

ഈ തീരുമാനങ്ങൾ 2022 മാർച്ച് 1 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2021 ജനുവരി 27–ാം തീയതി കൂടിയ എപ്പിസ്ക്കോപ്പൽ സിനഡ് തീരുമാനപ്രകാരം റൈറ്റ് റവ. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പായെ 2021 ജനുവരി 27–ാം തീയതി മുതൽ ഡൽഹി ഭദ്രാസനത്തിന്റെ ചുമതലയിൽ നിന്നു വിടർത്തുകയും നിരണം–മാരാമൺ ഭദ്രാസനത്തിന്റെ സഹായ എപ്പിസ്ക്കോപ്പായായി നിയമിക്കുകയും ചെയ്തു. അന്നു മുതൽ ഡൽഹി ഭദ്രാസന ചുമതല മെത്രാപ്പോലീത്താ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഡൽഹി ഭദ്രാസനത്തിന്റെ ഭരണ ചുമതലയിൽ ഉണ്ടായ അപാകതകൾ പരിഹരിക്കേണ്ടതായിട്ടുള്ളതിനാൽ റൈറ്റ് റവ. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പാ നിരണം–മാരാമൺ ഭദ്രാസനത്തിന്റെ സഹായ എപ്പിസ്ക്കോപ്പായായി തുടരുന്നതാണ്.

പ്രിയരെ, ഭദ്രാസനങ്ങളുടെ ചുമതലയിൽ പ്രവേശിക്കുന്ന തിരുമേനിമാർക്ക് ആവശ്യമായ ദൈവകൃപ ലഭിക്കുന്നതിന് പ്രാർത്ഥിക്കുകയും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് എല്ലാവരും സഹകരണം നൽകുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ കർത്താവ് യേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ
എന്ന് 2021 ഡിസംബർ 17–ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**